# ★ അറസ്റ്റ് ★

## നിങ്ങളുടെ അവകാശങ്ങൾ

പി. ഡി. മാത്യു


തോമസ്-ഇരുമ്പ-പയ്യം-670704 പ്രസിദ്ധീകരിക്കുന്നു

മനുഷ്യാവകാശ നിയമ സംബന്ധമായ
അറിവ് നേടുവാൻ

കൺസ്യൂമർ ന്യൂസ്, എടൂർ, പയ്യം പി. ഒ. 670704
വിതരണം ചെയ്യുന്നു.

☎ 0490-491475, 491008

വില 5 രൂപ



പ്രിയ ഉപഭോക്തൃ സുഹൃത്തുക്കളെ,

അറിവ് നേടേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരം അറിവ് നേടുക എന്നത് അവകാശമായി നൽകിയിരിക്കുന്നു. എന്നാൽ അറിവ് നേടുവാൻ നമ്മളെല്ലാം മടിച്ചു നിൽക്കുന്നു. അറിവ് നേടേണ്ടത് എന്റെ കടമയല്ല അത് മറ്റാരെങ്കിലും അറിയട്ടെ എന്നാണ് നമ്മുടെ ചിന്ത.

ഇന്ത്യൻ ഭരണഘടനയെ കുറിച്ചും ഇന്ത്യയിലെ സിവിൽ ക്രിമിനൽ നിയമങ്ങളെക്കുറിച്ചും, സുപ്രീം കോടതി വിധികളെയും, പ്രമുഖ നിയമജ്ഞനുമായ പി. ഡി. മാത്യു എസ്. ജെ. നിരവധി പുസ്തകങ്ങൾ ഇംഗ്ലീഷിൽ രചിച്ചിട്ടുണ്ട്. ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട് (ന്യൂഡൽഹി) അവ പ്രസിദ്ധീകരിച്ചിരിക്കുന്നു.

ഈ പുസ്തകങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കുക എന്ന പ്രവർത്തനം സോസർ-ഇന്ത്യ എന്ന സംഘടനയുടെ സഹകരണത്തോടെ കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ് നടത്തിവരികയാണ്. വളരെ ശ്രമകരമായ ഞങ്ങളുടെ ഉദ്യമത്തിന് നല്ല സഹകരണമാണ് ഞങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. വായനാശീലം പൊതുവെ കുറഞ്ഞുവരുന്ന ഈ അവസരം കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ് പ്രസിദ്ധീകരണങ്ങൾക്ക് നല്ലവരായ നാട്ടുകാർ തരുന്ന സഹകരണത്തിന് നന്ദി.

ഈ പുസ്തകവും മറ്റെല്ലാ നിയമ പുസ്തകങ്ങളും മലയാളത്തിൽ പ്രസിദ്ധീകരിക്കാനുള്ള അനുവാദം തന്ന ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട് (ന്യൂഡൽഹി) ഡയറക്ടറോടും ലീഗൽ സെൽ ഉദ്യോഗസ്ഥന്മാരോടും സർവ്വോപരി അഡ്വ. പി.ഡി. മാത്യു എസ്.ജെ. അവർകളോടും ഞങ്ങളുടെ ഹൃദയംഗമമായ നന്ദി.

ഈ പുസ്തകത്തിന്റെ ആദ്യപ്രതി 25-1-96 ന് കണ്ണൂർ ജില്ലാ പോലീസ് സൂപ്രണ്ടായിരുന്ന ശ്രീ വിൽസൺ എം. പോൾ IPS അവർകളാണ് നൽകിയത്. മനുഷ്യാവകാശ സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി അറിവില്ലായ്മമൂലം ചൂഷണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഈ നാട്ടിലെ ഉപഭോക്താക്കൾക്കായി ഈ പുസ്തകം സമർപ്പിക്കുന്നു.

നന്ദിയോടെ, (ഒപ്പ്) എം. വി. മാത്യു

20.9.99 കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബിന് വേണ്ടി

1st impression 12-2-96 1000 Nos, 2nd 22-6-96 1000 Nos
3rd 23-4-97 1000 Nos 4th 12-6-97 1000 Nos.
5th 30-10-97 1000 Nos, 6th 17-7-98 3000 Nos 7th 24-10-98
3000 Nos. 8th 10-1-99 3000 Nos. 9th 1-4-99 3000 Nos
10th 1-5-99 2000 Nos. 11th 20-9-99 1000 Nos.
Printed at Sammanam Printers & Publishers, Edoor
SSI No. 09/02/08518/PMT/SSBE/TINY/30-3-1994

# അറസ്റ്റ് ചെയ്യപ്പെട്ടാൽ നിങ്ങളുടെ അവകാശങ്ങൾ

രാജ്യത്തിന്റെ രാഷ്ട്രീയ കാര്യങ്ങളിൽ പങ്കാളികളാകുന്നതിനും രാജ്യതന്ത്രജ്ഞരെപ്പറ്റിയ സ്വാഭിപ്രായം പ്രകടിപ്പിക്കുന്നതിനുമുള്ള മൗലിക അവകാശങ്ങൾ ഇന്ത്യൻ ഭരണഘടന പൗരന്മാർക്ക് ഉറപ്പ് തരുന്നു. പക്ഷേ, ഈ സ്വാതന്ത്ര്യം ഭരണാധികാരികൾ നിയമപരമായ തന്ത്രങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഇല്ലാതാക്കുന്നു. പൗരന്മാരുടെ വളരെ ചെറിയ പ്രവർത്തികൾ പോലും നിയമലംഘനമായി കണക്കാക്കപ്പെടുന്നു. നിയമാവകാശങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ മൂലം നിയമപാലകർ ചൂഷണം ചെയ്യുന്നതോടൊപ്പം മനുഷ്യാവകാശ ലംഘനവും ദിനംപ്രതി കൂടിക്കൊണ്ടിരിക്കുകയാണ്. 'അറസ്റ്റും ജാമ്യവും' എന്ന ഈ പുസ്തകത്തിന്റെ ലക്ഷ്യം പോലീസിനെയും നിയമപാലകരെയും അഭിമുഖീകരിക്കുമ്പോൾ പൗരന്മാരുടെ നിയമബോധം വളർത്തുക എന്നതാണ്.

## ഒരു വ്യക്തിയെ അറസ്റ്റ് ചെയ്യൽ

ഒരു കുറ്റത്തിന് ഉത്തരവാദപ്പെട്ടാൽ പോലീസ് ഓഫീസറോ ഒരു വ്യക്തിയോ ഒരാളെ കസ്റ്റഡിയിലെടുക്കുകയോ അല്ലെങ്കിൽ അയാളുടെ പ്രവർത്തനത്തിനുള്ള സ്വാതന്ത്ര്യം നിഷേധിക്കുകയോ ചെയ്യുമ്പോഴാണ് ഒരാൾ അറസ്റ്റു ചെയ്യപ്പെടുന്നത്. ഇന്ത്യയിലെ പോലീസിന് വാറണ്ടോടുകൂടിയോ അല്ലാതെയോ അറസ്റ്റു ചെയ്യാതെ ഒരു വ്യക്തിയെയും ചോദ്യം ചെയ്യാൻ വേണ്ടി തടഞ്ഞുനിർത്തുന്നതിന് അധികാരമില്ല.

## അറസ്റ്റ് വാറണ്ട്

ഒരു പ്രത്യേക ആവശ്യത്തിന് വേണ്ടി കുറ്റം ചുമത്തപ്പെട്ട വ്യക്തിയെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുന്നതിനോ അല്ലെങ്കിൽ അയാളുടെ വീടും പരിസരവും അന്വേഷിക്കാൻ കോടതി പോലീസ് ഓഫീസർക്ക് അയയ്ക്കുന്ന എഴുതപ്പെട്ട ഒരു ഉത്തരവാണിത്. വാറണ്ട് നടപ്പിലാക്കുന്ന പോലീസ് ഓഫീസർ ഒരാളെ അറസ്റ്റു ചെയ്യപ്പെടാനുള്ള കാരണം കാണിക്കുന്ന വാറണ്ടിന്റെ സാരാംശം പറഞ്ഞുകൊടുക്കുകയും അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തി ആവശ്യപ്പെടുകയാണെങ്കിൽ അത് കാണിക്കുകയും ചെയ്യണം. അനാവശ്യമായ കാലതാമസം കൂടാതെ അറസ്റ്റുചെയ്യപ്പെട്ട വ്യക്തികളെ കോടതിക്കു മുമ്പിൽ ഹാജരാക്കുവാനും പോലീസ് ഓഫീസർ ബാധ്യസ്ഥനാണ്.

## നിയമ പ്രാബല്യമുള്ള വാറണ്ട്

അറസ്റ്റ് ചെയ്യപ്പെടുന്നതിനുള്ള ഒരു വാറണ്ട് (i) എഴുതപ്പെട്ടതായിരിക്കും (ii) കോടതിയിലെ പ്രധാന ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ ഒപ്പിട്ടിരിക്കണം. (iii) കോടതിയുടെ സീൽ ഉണ്ടായിരിക്കുകയും വേണം. കൂടാതെ കുററം ചുമത്തപ്പെട്ട ആളിന്റെ പേരും മേൽവിലാസവും അയാളിൽ ആരോപിക്കപ്പെട്ട കുററം എന്താണെന്നും കാണിച്ചിരിക്കണം. മേൽപറഞ്ഞ എന്തെങ്കിലും ഘടകം ഇല്ലാതിരുന്നാൽ ആ വാറണ്ട് ശരിയായ രീതിയല്ലാത്തതും അതിന്മേൽ കുററവിചാരണ നടത്താനുള്ള അറസ്റ്റ് നിയമവിരുദ്ധവുമാണ്.

## വാറണ്ടുകൾ രണ്ടുവിധമുണ്ട്

(1) ജാമ്യമുള്ളത്.

(2) ജാമ്യമില്ലാത്തത്.

ജാമ്യമുള്ള വാറണ്ട് എന്നുവച്ചാൽ അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയെ കോടതിക്ക് ആവശ്യമുള്ളപ്പോൾ ഹാജരാക്കണമെന്ന് ഉറപ്പു നൽകാൻ മതിയായ സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ ജാമ്യത്തിന് അപേക്ഷിക്കുകയാണെങ്കിൽ അയാളെ തടങ്കലിൽ നിന്ന് വിമുക്തനാക്കണമെന്ന് അറിയിക്കുന്ന കോടതി ഉത്തരവാണ്. ഇതിൽ ആവശ്യമുള്ള സാക്ഷികളുടെ എണ്ണവും കെട്ടിവയ്ക്കേണ്ട തുകയും കോടതിയിൽ ഹാജരാകേണ്ട സമയവും പറഞ്ഞിരിക്കും.

[ക്രിമിനൽ ശിക്ഷാ നിയമം 71-ാം ഭാഗം]

ജാമ്യമില്ലാത്ത വാറണ്ടിൽ ജാമ്യം കിട്ടുന്നതിനുള്ള നിർദ്ദേശങ്ങൾ പറഞ്ഞിരിക്കുകയില്ല.

## വാറണ്ടില്ലാത്ത അറസ്റ്റ്

ഗുരുതരമായ ഒരു കുററം ചെയ്തിട്ടുണ്ടെന്ന് സംശയിക്കുന്ന ഒരാളെ വാറണ്ടില്ലാതെ അറസ്റ്റു ചെയ്യാൻ ഒരു പോലീസ് ഓഫീസർക്ക് അധികാരമുണ്ട്. സാധാരണയായി ചെറിയ കുററങ്ങൾക്ക് മജിസ്ട്രേററിൽ നിന്നുള്ള വാറണ്ടില്ലാതെ പോലീസ് ഓഫീസർക്ക് ഒരു വ്യക്തിയെ അറസ്റ്റ് ചെയ്യാൻ കഴിയുകയില്ല.

ക്രിമിനൽ ശിക്ഷാനിയമ [Cr.p.C.] ത്തിന്റെ ആദ്യത്തെ പട്ടികയിൽ കുററങ്ങളെ-ഗുരുതരവും-ഗുരുതരമല്ലാത്തതെന്നും വേർതിരിക്കുകയും, ഇവ തിരിച്ച് വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്.



ഗുരുതരമായ കുററങ്ങളിൽ കൊലപാതകം, ബലാൽസംഗം, കൊള്ള മോഷണം, രാജ്യദ്രോഹം മുതലായവ ജാമ്യം ലഭിക്കാത്ത തെററുകളാണ്.

## എപ്പോഴാണ് ഒരു വ്യക തിയെ വാറണ്ടില്ലാതെ അറസ്റ്റുചെയ്യാൻ കഴിയുക?

ഒരു വ്യക്തിയെ വാറണ്ടില്ലാതെ അറസ്റ്റു ചെയ്യാൻ കഴിയുന്നത് താഴെപ്പറയുന്ന സാഹചര്യങ്ങളിലാണ്.

1. ഗുരുതരമായ ഒരു കുററവുമായി ബന്ധപ്പെട്ട ഒരു വ്യക്തിയാണെങ്കിൽ അല്ലെങ്കിൽ ഉചിതമായ സംശയമുണ്ടെങ്കിൽ, അല്ലെങ്കിൽ ഒരാൾ ഗുരുതരമായ കുററം ചെയ്തിട്ടുണ്ടെന്ന് അറിയിക്കുന്ന പരാതിയോ, വിവരമോ ലഭിക്കുകയാണെങ്കിൽ

2. ഭവനഭേദനത്തിന് ഉപയോഗിച്ച ആയുധങ്ങൾ കൈവശമുണ്ടെങ്കിൽ

3. തൊണ്ടി സാധനം സൂക്ഷിച്ചിട്ടുണ്ടെങ്കിൽ

4. കുററക്കാരനെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ.

5. പോലീസ് ഓഫീസറെ ജോലിസമയത്ത് തടസ്സപ്പെടുത്തിയെങ്കിൽ

6. നിയമപരമായ തടങ്കലിൽ നിന്ന് രക്ഷപെട്ടെങ്കിൽ

7. പട്ടാളത്തിൽ നിന്നോ, വ്യോമസേനയിൽ നിന്നോ, നാവികസേനയിൽ നിന്നോ ഒളിച്ചോടിയതാണെങ്കിൽ

8. ഇന്ത്യക്ക് പുറത്തായിരുന്നപ്പോൾ പ്രത്യർപ്പണനിയമപ്രകാരം ശിക്ഷിക്കാൻ കഴിയുന്ന എന്തെങ്കിലും കുററം ചെയ്തിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ അങ്ങനെയൊരു ശിക്ഷാനിയമത്തിൻ കീഴിൽ

9. ബന്ധനത്തിൽ നിന്ന് മോചിതനായ കുററവാളി, കോടതി അയാൾക്ക് സ്വാതന്ത്ര്യത്തിൽ മേൽ ചുമത്തിയ നിയന്ത്രണങ്ങൾ ലംഘിക്കുകയാണെങ്കിൽ

10. ഗുരുതരമായ ഒരു കുററം ചെയ്യാൻ തയ്യാറെടുക്കുന്നുണ്ടെന്ന് സംശയിക്കപ്പെടുകയാണെങ്കിൽ

11. ഒരു സ്ഥിരം കുററവാളിയാണെങ്കിൽ.

12. ഒരു പോലീസ് ഓഫീസറുടെ മുന്നിൽ വെച്ച് ജാമ്യം ലഭിക്കാവുന്ന കുറ്റം ചെയ്തതിന് ശേഷം പോലീസിനോട് അയാളുടെ പേരും മേൽവിലാസവും പറയാൻ വിസമ്മതിക്കുകയോ, അല്ലെങ്കിൽ തെറ്റായ പേരും മേൽവിലാസവും നൽകുകയോ ചെയ്താൽ

13. ഗുരുതരമായ കുറ്റം ചെയ്തിട്ടുണ്ടെന്ന് സംശയിക്കുന്ന ഒരാളെ മറ്റൊരു പോലീസ് സ്റ്റേഷനിലെ പോലീസ് ഓഫീസർക്ക് ആവശ്യമുണ്ടെങ്കിൽ,

## എങ്ങിനെയാണ് അറസ്റ്റു ചെയ്യുന്നത്

അറസ്റ്റ് പൂർണ്ണമാകുന്നത് വാക്കാ പ്രവൃത്തിയോ മുഖേന തടവിന് സമ്മതിക്കുന്നതോടെയാണ്, ഇതിന് വ്യക്തിയുടെ ശരീരത്തെ സ്പർശിക്കുകയോ, ബന്ധനസ്ഥനാക്കുകയോ ചെയ്യേണ്ട ആവശ്യമില്ല. എന്നാൽ വെറുതെ പോലീസുകാർ ഒരു വ്യക്തിയെ വലയം ചെയ്തിരുന്നാൽ മാത്രം അറസ്റ്റാവുകയില്ല (സെക്ഷൻ 46)

## അറസ്റ്റിനെ എതിർത്താൽ എന്തു സംഭവിക്കും?

ബലം പ്രയോഗിച്ച് ഒരാൾ അറസ്റ്റിനെ എതിർക്കുകയാണെങ്കിൽ പോലീസ് ഓഫീസർക്ക് ആ അറസ്റ്റിനെ ആവശ്യമായിട്ടുള്ള എല്ലാ നടപടികളും സ്വീകരിക്കാവുന്നതാണ്. (സെക്ഷൻ46) അതേസമയത്തിന് നിങ്ങളുടെ മരണത്തിന് കാരണമാകാവുന്ന വിധത്തിൽ വധശിക്ഷയോ, ജീവപര്യന്തം തടവോ ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റം ചുമത്താൻ പോലും കഴിയും. എന്നിരുന്നാലും അറസ്റ്റു ചെയ്യാൻ ആവശ്യമുള്ളതിനേക്കാൾ കൂടുതൽ ബലം പ്രയോഗിച്ചാൽ അത് ന്യായീകരിക്കപ്പെടുന്നില്ല. (ഭാഗം46) അതുപോലെ അനാവശ്യമായ പ്രതിരോധമോ അല്ലെങ്കിൽ ശാരീരികമോ അസൗകര്യങ്ങൾക്ക് കാരണമാകുന്ന വിധത്തിൽ കൈകാലുകൾ കെട്ടുന്നതോ അങ്ങനെ ചെയ്യേണ്ട ആവശ്യമില്ലെങ്കിൽ അനുവദിക്കുന്നതല്ല

## അറസ്റ്റ് ചെയ്യപ്പെട്ടാൽ എന്തൊക്കെയാണ് നിങ്ങളുടെ അവകാശങ്ങൾ

നിങ്ങൾ അറസ്റ്റു ചെയ്യപ്പെടുകയാണെങ്കിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

1. അറസ്റ്റ് ചെയ്യപ്പെടാനുള്ള കാരണം നിങ്ങളെ അറിയിച്ചിരിക്കണം [മൗലിക അവകാശങ്ങൾ Article 22കൂടാതെ ഭാഗം 50 ക്രിമിനൽ ശിക്ഷാനിയമം)



2. വാറണ്ടോടുകൂടിയുള്ള അറസ്റ്റാണെങ്കിൽ വാറണ്ട് കാണാനുള്ള അവകാശമുണ്ട്. (ക്രിമിനൽ ശിക്ഷാനിയമം ഭാഗം 75)

3. നിങ്ങൾക്ക് ഇഷ്ടമുള്ള അഭിഭാഷകനെ സമീപിക്കാനുള്ള അവകാശമുണ്ട്, (മൗലിക അവകാശം ഭരണഘടനയിലെ 22ാം വകുപ്പ്)

4. 24മണിക്കൂറിനുള്ളിൽ ഏറ്റവും അടുത്തുള്ള ഒരു മജിസ്ട്രേറ്റിന്റെ മുന്നിൽ നിങ്ങളെ ഹാജരാക്കിയിരിക്കണം. [മൗലിക അവകാശങ്ങൾ ഭരണഘടനയുടെ 22ാംവകുപ്പ്]

5. ജാമ്യം കിട്ടാനുള്ള അവകാശമുണ്ടോ എന്ന് പറഞ്ഞിരിക്കണം. [ക്രിമിനൽ ശിക്ഷാനിയമം 50ാംവകുപ്പ്]

## നിങ്ങളെ വിലങ്ങ് വെയ്ക്കാമോ?

സുപ്രീംകോടതിയുടെ ഏറ്റവും പുതിയ ഉത്തരവനുസരിച്ച് സാധാരണയായി അറസ്റ്റുചെയ്യപ്പെട്ട വ്യക്തികളെ സ്വഭാവമുള്ളതോ, എന്തുംചെയ്യാൻ മടിക്കാത്തതോ, രക്ഷപെടാൻ ശ്രമിക്കുന്നതോ, ആത്മഹത്യക്ക് ശ്രമിക്കുന്നതോ അല്ലെങ്കിൽ വിലങ്ങ് വെയ്ക്കാൻ പാടില്ല. അറസ്റ്റ് ചെയ്യുന്നത് ശിക്ഷയല്ല. എന്നാൽ അനാവശ്യമായ നിയന്ത്രണം അനുവദനീയമല്ല. അങ്ങനെ ചെയ്യേണ്ട ആവശ്യമില്ലെങ്കിൽ.

## അറസ്റ്റു ചെയ്യേണ്ട വ്യക്തി പ്രവേശിച്ച സ്ഥലം പരിശോധിക്കൽ

ക്രിമിനൽ ശിക്ഷാനിയമം 47-ാംവകുപ്പ് പ്രകാരം അറസ്റ്റ് ചെയ്യേണ്ട വ്യക്തിയുള്ള സ്ഥലം പരിശോധിക്കുന്നതിന് പോലീസുമായി സഹകരിക്കാൻ എല്ലാവ്യക്തികൾക്കുംകടമയുണ്ടെന്ന് പറയുന്നു. പോലീസ് ഓഫീസർക്ക് അന്വേഷണം നടത്തുന്നതിനോ അല്ലെങ്കിൽ ആരെയെങ്കിലും വീടിനകത്ത് തടഞ്ഞുനിർത്തിയിട്ടുണ്ടെങ്കിലോ ഏത് വാതിലും ജനലും പൊളിച്ച് അകത്ത് കടക്കാൻ അധികാരമുണ്ട്.

## അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിയെ അന്വേഷിക്കൽ

പോലീസ് ഓഫീസർക്ക് ഒരു വ്യക്തിയെ അറസ്റ്റ് ചെയ്തതിനുശേഷമേ അന്വേഷണം നടത്താൻ അവകാശമുള്ളൂ. അന്വേഷണത്തിനു ശേഷം വ്യക്തിയിൽനിന്ന് കിട്ടിയ എല്ലാസാധനങ്ങളും ഭദ്രമായി സൂക്ഷിക്കുകയും അതിന് രസീത് പോലീസ് ഓഫീസർ കൊടുക്കുകയും വേണം.

അറസ്റ്റു ചെയ്യപ്പെട്ട ഒരു സ്ത്രീയെ പരിശോധിക്കുന്നത് അവരുടെ അന്തസ്സിന് യോജിച്ചരീതിയിലായിരിക്കണം. ഒരു സ്ത്രീയെ പരിശോധിക്കുന്നത് മറ്റൊരു സ്ത്രീ ആയിരിക്കണം. (ഭാഗം 51)

## അറസ്റ്റു ചെയ്യപ്പെട്ട വ്യക്തിയെ വൈദ്യശാസ്ത്ര വിദഗ്ധൻ പരിശോധിക്കുന്നത്.

ഒരു കുറ്റം തെളിയിക്കുന്നതിന് വൈദ്യപരിശോധന ആവശ്യമായി തോന്നുകയാണെങ്കിൽ സബ് ഇൻസ്പെക്ടർക്ക് താഴെയല്ലാത്ത സ്ഥാനമുള്ള പോലീസ് ഓഫീസർക്ക് അറസ്റ്റു ചെയ്ത വ്യക്തിയെ പരിശോധിപ്പിക്കുന്നതിന് അധികാരമുണ്ട്.

★ അയാൾക്ക് വൈദ്യപരിശോധന നടത്തുന്നതിന് ആവശ്യമായ ബലം പ്രയോഗിക്കാം.

★ കുറ്റം ചുമത്തപ്പെട്ട വ്യക്തിക്ക് താൻ ആ കുറ്റം ചെയ്തില്ലെന്ന് കാണിക്കുന്ന ഒരു അപേക്ഷ മജിസ്ട്രേറ്റിന് കൊടുക്കാം. ഭാഗം-[54]

★ ഒരു സ്ത്രീക്ക് തന്നെ ഒരു വനിതാ ഡോക്ടർ മാത്രമേ പരിശോധിക്കാവൂ എന്ന് ആവശ്യപ്പെടാനുള്ള അവകാശമുണ്ട്. (ഭാഗം-53)(2), (54)

★ പോലീസ് കസ്റ്റഡിയിൽ നിന്നുള്ള മർദ്ദനത്തിന്റെ കാര്യത്തിൽ ഈ നിയമ വകുപ്പ് ഒരു അനുകൂല്യമായി എടുത്തുകൊണ്ട് കുറ്റവാളി, പോലീസ് മർദ്ദനം തെളിയിക്കുന്നതിന് വേണ്ടി കോടതിയോട് വൈദ്യസഹായം ആവശ്യപ്പെടാം.

## അറസ്റ്റ് ചെയ്ത വ്യക്തിയെ തടങ്കലിൽ വെയ്ക്കൽ

ഭരണഘടനയുടെ 22-ാം(2) വകുപ്പിൽ അറസ്റ്റ് ചെയ്തതും തടങ്കലിൽ പാർപ്പിച്ചിട്ടുള്ളതുമായ എല്ലാ വ്യക്തികളെയും 24 മണിക്കൂറിനുള്ളിൽ ഏറ്റവും അടുത്തുള്ള മജിസ്ട്രേറ്റിന്റെ മുമ്പിൽ ഹാജരാക്കണമെന്ന് പറയുന്നു. ഈ കാര്യത്തിൽ അറസ്റ്റു ചെയ്ത സ്ഥലത്ത് നിന്നും മജിസ്ട്രേറ്റ് കോടതിയിലേക്കുള്ള യാത്രാ സമയം ഒഴിവാക്കിയിട്ടുണ്ട്. എങ്കിലും ക്രിമിനൽ നിയമം 167-ാം ഭാഗത്തിൽ അന്വേഷണം പൂർത്തിയായിട്ടില്ലെങ്കിൽ അറസ്റ്റ് ചെയ്ത വ്യക്തിയെ 24 മണിക്കൂറിൽ കൂടുതൽ തടഞ്ഞു വെക്കാൻ ഉത്തരവിടുന്നതിനുള്ള അധികാരം മജിസ്ട്രേറ്റിന് 15 ദിവസത്തിൽ കൂടാത്ത ഒരു കാലാവധി പ്രത്യേക ഉത്തരവ് പ്രകാരം മജിസ്ട്രേറ്റിൽ നിന്ന് കിട്ടിയില്ലെങ്കിൽ ഒരിക്കലും അറസ്റ്റ് ചെയ്ത വ്യക്തിയെ 24 മണിക്കൂറിൽ കൂടുതൽ ഒരു നിമി



ഷവും തടഞ്ഞു വെയ്ക്കാൻ പാടില്ല. 15 ദിവസം തികഞ്ഞാൽ അയാളെ മജിസ്ട്രേറ്റിന്റെ മുന്നിൽ ഹാജരാക്കണം. വീണ്ടും തടങ്കലിൽ വെയ്ക്കേണ്ട ആവശ്യം ഉണ്ടാവുകയാണെങ്കിൽ 15 ദിവസത്തിൽ കൂടാത്ത ഒരു കാലാവധിക്ക് മജിസ്ട്രേറ്റിന് ഉത്തരവിടാം.

ഒരാൾക്കെതിരായ കുറ്റാന്വേഷണം തീർന്നാലും ഇല്ലെങ്കിലും 60 ദിവസത്തിൽ കൂടുതൽ അയാളെ തടങ്കലിൽ വയ്ക്കാൻ പാടില്ല. തടങ്കലിൽ വെയ്ക്കുന്നതിന് അനിശ്ചിതമായ ഒരു കാലാവധി മജിസ്ട്രേറ്റ് ഉത്തരവിടുകയാണെങ്കിൽ അത് നിയമവിരുദ്ധമായിരിക്കും. കുറ്റാന്വേഷണം വഴി കുറ്റവാളിക്ക് ജാമ്യം ഉണ്ടാക്കാൻ കഴിഞ്ഞില്ലെങ്കിൽ 60 ദിവസത്തിൽ കൂടുതൽ അയാളെ തടങ്കലിൽ വയ്ക്കാം. ജാമ്യം കിട്ടാത്ത കുറ്റമാണെങ്കിൽ അറസ്റ്റ് ചെയ്ത വ്യക്തിയെ വിചാരണ കഴിയുന്നതുവരെ ജയിലിൽ പാർപ്പിക്കാം.

## അന്വേഷണ വാറണ്ട്

താഴെപ്പറയുന്ന ആവശ്യങ്ങൾക്കുവേണ്ടി മജിസ്ട്രേറ്റ് അന്വേഷണ വാറണ്ട് പുറപ്പെടുവിക്കുന്നു.

★ കോടതിയിൽ ഹാജരാക്കാത്ത ഒരു രേഖയോ, സാധനമോ കണ്ടുപിടിക്കാൻ അല്ലെങ്കിൽ

★ മോഷ്ടിച്ച സാധനം, കള്ളനോട്ട് മുതലായവ സൂക്ഷിച്ചിട്ടുണ്ടെന്ന് സംശയിക്കുന്ന വീട് പരിശോധിക്കൽ

★ ഗവൺമെന്റ് നിരോധിച്ച പ്രസിദ്ധീകരണം പിടിച്ചെടുക്കാൻ

★ അന്യായമായി തടങ്കലിൽ വെച്ചിട്ടുള്ള ആളെ കണ്ടുപിടിക്കാൻ

അന്വേഷണ വാറണ്ടിലൂടെ ഒരു പോലീസ് ഓഫീസർക്ക് ആവശ്യമുള്ള സ്ഥലം പരിശോധിക്കുന്നതിനും ആരോപണ വിധേയമായ സാധനങ്ങൾ പിടിച്ചെടുക്കുന്നതിനുമുള്ള അധികാരം കിട്ടുന്നു. പോലീസുകാർക്ക് വരുന്നതിനും പ്രവേശനത്തിനുമുള്ള അനുവാദം നൽകിയില്ലെങ്കിൽ നിയമപരമായ പ്രവർത്തനം ഉറപ്പ് വരുത്താൻ ബലം പ്രയോഗിക്കാം.

അന്വേഷിച്ചുകൊണ്ടിരിക്കുന്ന സാധനം ഒളിപ്പിച്ചു വെച്ചിട്ടുണ്ടെന്ന് സംശയിക്കുന്ന ഏത് വ്യക്തിയെയും ആ സ്ഥലത്തോ അതിനടുത്ത സ്ഥലങ്ങളിലോ അന്വേഷിക്കാൻ പോലീസ് ഓഫ

സർക്ക് അധികാരമുണ്ട്.

അന്വേഷിക്കേണ്ട വ്യക്തി ഒരു സ്ത്രീ ആണെങ്കിൽ അവരുടെ അന്തസിന് ചേരുന്ന വിധത്തിൽ മറ്റൊരു സ്ത്രീതന്നെ അവരെ അന്വേഷിക്കണം.

## സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ

ഒരു ഓഫീസർ നടത്തുന്ന അന്വേഷണം താഴെ പറയുന്ന രീതിയിൽ ആയിരിക്കണം.

★ മാന്യരായ രണ്ടോ അതിലധികമോ സ്ഥലവാസികളെ [Panches]എന്നുവിളിക്കുന്നു. അന്വേഷണത്തിൽ പങ്കെടുക്കുന്നതിനും കാണുന്നതിനും വേണ്ടിവിളിച്ചുവരുത്തണം. പങ്കെടുക്കാതിരിക്കാൻ ഇന്ത്യൻ ശിക്ഷാനിയമം 187-ാം വകുപ്പ് പ്രകാരം കുറ്റകരമാണ്.

★ അന്വേഷണം അവരുടെ മുന്നിൽ വെച്ച് നടത്തുക. അന്വേഷണം കെട്ടിടത്തിനകത്ത് വെച്ച് നടത്തുമ്പോൾ 'Panches' നെ പുറത്തുനിർത്തുകയാണെങ്കിൽ അന്വേഷണം നിയമവിരുദ്ധമായിത്തീരും.

★ പിടിച്ചെടുത്ത സാധനങ്ങളുടെയും അവ കണ്ടെടുത്ത സ്ഥലങ്ങളുടെയും ഒരു പട്ടിക തയ്യാറാക്കണം. പട്ടികയെ (Panchanama) എന്നു വിളിക്കുന്നു.

★ പട്ടികയിൽ 'Panches' ഒപ്പിട്ടിരിക്കണം.

★ അന്വേഷണത്തിൽ പങ്കെടുത്ത സ്ഥലവാസിക്ക് ഒപ്പിട്ടപട്ടികയുടെ ഒരു കോപ്പി കൈവശം വയ്ക്കാൻ കൊടുക്കണം.

★ കോടതി പ്രത്യേകമായി പറഞ്ഞിട്ടില്ലെങ്കിൽ 'Panches' എല്ലാവരും സാക്ഷികളായി കോടതിയിൽ ഹാജരാകേണ്ടതില്ല.

## പരിശോധിക്കുന്ന കെട്ടിടത്തിലെ താമസക്കാരന്റെ അവകാശങ്ങൾ

★ ക്രിമിനൽ കുറ്റം ചാർജ്ജ് ചെയ്തിട്ടുള്ള ഒരു കുറ്റവാളിയുടെ കൈവശമുള്ള സാധനമോ, രേഖയോ അയാൾ സ്വയം പ്രദർശിപ്പിക്കണമെന്ന് നിർബന്ധിക്കാൻ കഴിയില്ല. ഈ കാരണം കൊണ്ട് പോലീസിന് കോടതി നിയമപ്രകാരം ഒരു വാറണ്ട് കിട്ടുന്നു.

★ നിങ്ങളുടെ അനുവാദമില്ലാതെ പോലീസുകാരന് നിങ്ങളുടെ



വീടും പരിസരവും പരിശോധിക്കാനുള്ള പൊതു അധികാരമില്ല.

★ അന്വേഷണം ഒരു പ്രത്യേക സ്ഥലം വരെ മാത്രമേ ദീർഘിപ്പിക്കാവൂ എന്ന് കോടതി വാറണ്ടിൽ വെളിപ്പെടുത്തിയിരിക്കും.

★ പരിശോധനക്ക് വേണ്ടി പോലീസിന് അനുവാദം നൽകുന്നതിന് മുമ്പ് വാറണ്ട് വായിക്കുകയും നിർദ്ദേശങ്ങൾ മനസിലാക്കുകയും ചെയ്യേണ്ടത് വളരെ പ്രധാനപ്പെട്ടതുമാണ്.

★ നിങ്ങളുടെ വീട്ടിലും പരിസരത്തും ഒരു പോലീസുകാരന് കടക്കാൻ നിയമപരമായ അധികാരമില്ലെങ്കിൽ അയാളുടെ പ്രവേശനം നിങ്ങൾക്ക് തടയാൻ കഴിയും.

★ അവിടെ തുടരാൻ അയാൾക്ക് നിയമപരമായ അധികാരമില്ലെങ്കിൽ അവിടം വിട്ടു പോകാൻ നിങ്ങൾക്ക് നിർബന്ധിക്കാം.

★ അവർ നിരസിക്കുകയാണെങ്കിൽ നിങ്ങൾക്ക് മതിയായ ശക്തി പ്രയോഗിച്ച് അവരെ മാറ്റാൻ നിയമപരമായ അവകാശമുണ്ട്. (ഇന്ത്യൻ ശിക്ഷാ നിയമം 97-ാം വകുപ്പ്)

## ജാമ്യം:-

ജാമ്യം എന്നതിന്റെ അർത്ഥം അറസ്റ്റു ചെയ്ത ഒരു വ്യക്തിയെ നിയമപരമായി തടങ്കൽ വെയ്ക്കലിൽ നിന്ന് കേസു വിചാരണ തീരുന്നതു വരെ മോചിപ്പിക്കുക എന്നതാണ്. ജാമ്യം കിട്ടുന്നതിലൂടെ ന്യായാധിപനെ സമീപിക്കുന്നതിനും സുഹൃത്തുക്കളുടെ ഉപദേശങ്ങൾ തേടുന്നതിനും സാക്ഷികളെ കണ്ടുപിടിക്കുന്നതിനും തന്റെ രക്ഷയ്ക്കു വേണ്ടി തെളിവുകൾ ശേഖരിക്കുന്നതിനും ജാമ്യത്തിൽ തുടരുന്നവർക്കുള്ള സ്വാതന്ത്ര്യം ലഭിക്കുന്നു.

ജാമ്യം അനുവദിച്ചില്ലെങ്കിൽ അറസ്റ്റ് ചെയ്ത വ്യക്തിയെ അന്വേഷണത്തിനും തെളിവുകൾ ശേഖരിക്കുന്നതിനും വേണ്ടി കേസന്വേഷണത്തിനിടയിൽ കസ്റ്റഡിയിൽ വെച്ചിരിക്കും.

ജാമ്യത്തെ സംബന്ധിച്ച നടപടികൾ രണ്ടു തരത്തിൽ ക്രമീകരിച്ചിട്ടുണ്ട്. 1) ജാമ്യമുള്ള കേസുകളും. 2) ജാമ്യമില്ലാത്ത കേസുകളും.

## ജാമ്യമുള്ള കേസുകൾ

ജാമ്യമുള്ള കുറ്റങ്ങളിൽ ജാമ്യം അനുവദിക്കുന്നത് ഒരു നിയമാവകാശമാണ്. ഇത് അർത്ഥമാക്കുന്നത് ജാമ്യം നിഷേധിക്കാൻ കഴി

യില്ല എന്നും കുറ്റവാളിക്ക് കസ്റ്റഡിയിലുള്ള ഒരു പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള പോലീസ് ഓഫീസറായിരിക്കും ജാമ്യം അനുവദിക്കുക എന്നതുമാണ്. ജാമ്യക്കാരില്ലെങ്കിൽ പോലും കരാർ പാലിക്കുന്ന കുറ്റവാളിക്കാണ് ജാമ്യം അനുവദിക്കുന്നതും

## ജാമ്യമില്ലാത്ത കേസുകൾ

ജാമ്യമില്ലാത്ത കേസുകളിൽ കോടതിക്ക് മാത്രമേ കുറ്റം ചുമത്തപ്പെട്ട വ്യക്തിയെ ജാമ്യത്തിലൂടെ വിടാനുള്ള ഉത്തരവ് പുറപ്പെടുവിക്കാനാകൂ. എന്നാലും ഒരു പോലീസ് ഓഫീസർ അല്ലെങ്കിൽ മജിസ്ട്രേറ്റിന് കുറ്റവാളിക്കെതിരായി മതിയായ തെളിവുകൾ ഇല്ല എന്ന് അഭിപ്രായപ്പെടുകയോ ഈ പരാതിക്ക് കൂടുതൽ അന്വേഷണം ആവശ്യമായി വരികയോ ചെയ്താൽ കുറ്റവാളിയെ ജാമ്യത്തിൽ വിടാം.

[ക്രിമിനൽ ശിക്ഷാനിയമം ഭാഗം 437 (2)]

സാധാരണയായി വധശിക്ഷയോ ജീവപര്യന്തമോ ശിക്ഷ ലഭിക്കേണ്ടുന്ന ഒരു കുറ്റം ചെയ്തതായി കാണുകയാണെങ്കിൽ ജാമ്യം അനുവദിക്കുന്നതല്ല. പക്ഷെ സ്ത്രീകൾ, 16 വയസ്സിൽ താഴെയുള്ള കുട്ടികൾ രോഗികൾ തുടങ്ങിയവരെ വധശിക്ഷയോ, ജീവപര്യന്തമോ ശിക്ഷ വിധിക്കാവുന്ന കുറ്റം ചെയ്തവരാണെങ്കിൽ പോലും ഒരു മജിസ്ട്രേറ്റിന് അവരെ ജാമ്യത്തിലൂടെ മോചിപ്പിക്കാൻ കഴിയും.

കുറ്റം ചുമത്തപ്പെട്ടയാൾ കുറ്റം ചെയ്തിട്ടില്ലെന്ന് കാണപ്പെടുന്നതോടെ കേസ് അവസാനിക്കുന്നതിനും വിധി പ്രഖ്യാപിക്കുന്നതിനുമിടയ്ക്ക് അയാളെ ജാമ്യത്തിലൂടെ വിമുക്തനാക്കിയതായി പ്രഖ്യാപിക്കുന്നു. ജാമ്യത്തിൽ വിട്ടയാളെ ശരിയായ കേസു വിചാരണയുടെ ഫലമായി അയാളുടെ സ്വഭാവത്തിൽ തെറ്റിദ്ധാരണ തോന്നുകയോ (ക്രിമിനൽ ശിക്ഷാനിയമം ഭാഗം48) അല്ലെങ്കിൽ ജാമ്യ വ്യവസ്ഥകൾ പാലിക്കാതിരിക്കുകയോ ചെയ്താൽ കോടതിക്ക് ഒരു ഉത്തരവ് പ്രകാരം അയാളെ കസ്റ്റഡിയിലെടുക്കാം.

## ജാമ്യം അനുവദിക്കുന്നതിൽ കോടതിയുടെ അധികാരം

ജാമ്യം അനുവദിക്കാനുള്ള കോടതിയുടെ വിവേചനാധികാരം ഒരു കോടതി അധികാരവും അംഗീകൃത തത്വങ്ങൾ വഴി നൽകുന്നതുമാണ്. ജാമ്യം അനുവദിക്കുന്നതിന് മുമ്പ് ചുമത്തപ്പെട്ട കുറ്റത്തിന്റെ ഗൗരവം, തെളിവുകളുടെ സ്വഭാവം, കുറ്റത്തിന് നിർദ്ദേശിക്കുന്ന ശിക്ഷയുടെ കാഠിന്യം ഇവ കൂടാതെ ചില കേസുകളിൽ കുറ്റം ചുമത്തപ്പെട്ട വ്യക്തിയുടെ സ്വഭാവം, സ്വത്ത്, പദവി ഇവയും കോടതി പരിഗണിക്കണം.



## നിങ്ങൾ അറസ്റ്റ് ചെയ്യപ്പെടുകയാണെങ്കിൽ പോലീസ് കസ്റ്റഡിയിൽ നിന്ന് പെട്ടെന്ന് എങ്ങനെ മോചിതനാകാം?

വാറണ്ടുള്ള കേസുകളിൽ, വാറണ്ടിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ കണ്ടുപിടിക്കുകയും ജാമ്യക്കാരോടൊപ്പം ഒരു കരാർ അംഗീകരിക്കുകയും (ഭാഗം 71) ചെയ്യുക.

- ★ ചുമത്തപ്പെട്ട കുറ്റം ജാമ്യമുള്ളതും വാറണ്ടില്ലാതെ അറസ്റ്റു ചെയ്തതുമാണെങ്കിൽ പോലീസ് സ്റ്റേഷന്റെ ചാർജ്ജുള്ള പോലീസ് ഓഫീസറോട് കരാർ അംഗീകരിച്ചതിനു ശേഷം ജാമ്യം അനുവദിക്കാൻ ആവശ്യപ്പെടാം.
- ★ പോലീസ് ഓഫീസർക്ക് കരാർ അംഗീകരിച്ച ഒരു വ്യക്തിയെ ജാമ്യക്കാരില്ലാതെ തന്നെ വിമുക്തനാക്കാനുള്ള വിവേചനാധികാരമുണ്ട്. (ഭാഗം 435 ക്രിമിനൽ നിയമം)
- ★ നിങ്ങൾക്ക് പെട്ടെന്ന് ജാമ്യം അനുവദിച്ചില്ലെങ്കിൽ നിങ്ങളുടെ അഭിഭാഷകനെയോ സുഹൃത്തിനെയോ അല്ലെങ്കിൽ ബന്ധുവിനെയോ ടെലിഫോൺ ചെയ്യാൻ നിങ്ങൾക്ക് അവകാശമുണ്ട്. നിങ്ങളുടെ അഭിഭാഷകന് ജാമ്യക്കാരാകാൻ സാധ്യതയുള്ളവരുടെ പേരും മേൽവിലാസവും കൊടുക്കുക. നിങ്ങൾക്കൊരു വക്കീൽ ഇല്ലെങ്കിൽ നിങ്ങളുടെ സുഹൃത്തിനെയോ, ബന്ധുവിനെയോ അറിയിക്കുക.
- ★ നിങ്ങളെ ഹാജരാക്കാൻ പോകുന്ന കോടതിയുടെ പേര്.
- ★ കോടതി ചേരുന്ന സമയം.
- ★ ഇതു കൂടാതെ നിങ്ങൾക്ക് ആവശ്യപ്പെടാവുന്നത്.
- ★ ജാമ്യക്കാരായി കോടതിയിൽ പോകാൻ തയ്യാറായ ആരെയെങ്കിലും കൊണ്ടുപോകാൻ.
- ★ സാധ്യമെങ്കിൽ ഒരു വക്കീലിനെ സമീപിക്കാൻ.

കോടതിയിൽ പോകുന്നതിന് മുമ്പ് നിങ്ങൾക്ക് ഈ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുമെങ്കിൽ അനാവശ്യമായ കസ്റ്റഡിയിലുള്ള ദിവസങ്ങളിൽ നിന്ന് രക്ഷപ്പെടുവാൻ സാധിക്കും

## മജിസ്ട്രേറ്റ് ജാമ്യം അനുവദിക്കുന്നത്

ഒരാൾ ജാമ്യമില്ലാത്ത ഒരു കുറ്റത്തിന് അറസ്റ്റ് ചെയ്യപ്പെടുക

യും കുററം വിശ്വസിക്കത്തക്ക രീതിയിൽ മതിയായ തെളിവുകൾ നിലനിൽക്കുന്നുണ്ടെങ്കിൽ അയാൾക്ക് പോലീസ് ഓഫീസർ ജാമ്യം അനുവദിക്കുന്നതല്ല ഇങ്ങനെയുള്ള കേസുകളിൽ കുററവാളി ജാമ്യം കിട്ടുന്നതിന് വേണ്ടി ഒരു അപേക്ഷ എഴുതി കോടതിയിൽ കൊടുക്കണം വധശിക്ഷ, ജീവപര്യന്തം തടവോ ശിക്ഷവിധിക്കാവുന്ന ഒരു കുററമല്ലെങ്കിൽ അയാൾക്ക് കോടതി ജാമ്യം അനുവദിക്കും ഇങ്ങനെയുള്ള കേസുകളിൽ ജില്ലാകോടതിക്കോ ഹൈക്കോടതിക്കോ മാത്രമേ ജാമ്യം അനുവദിക്കാൻ അവകാശമുള്ളു.

## ജാമ്യം അനുവദിക്കുന്നതിൽ പൊതുവായ പോലീസ് തടസ്സങ്ങൾ

★ കുററവാളി അയാളുടെ കുററവിചാരണയ്ക്ക് ഹാജരാകാതിരിക്കുക.

★ സാക്ഷികളും തെളിവുസാധനങ്ങളുമായി അനാവശ്യമായി ഇടപെടുക.

★ ജാമ്യത്തിലിരിക്കെ കൂടുതൽ കുററങ്ങൾ ചെയ്യുക.

★ പോലീസ് അന്വേഷണം പൂർത്തിയാകാതിരിക്കുക.

★ പിന്നീട് കൂടുതൽ കേസ് ചാർജ്ജ് ചെയ്യപ്പെടുക.

★ മോഷ്ടിക്കപ്പെട്ട മുതൽ കണ്ടെടുക്കാതിരിക്കുക.

★ സഹ-കുററവാളികൾ ഒളിച്ചോടുക.

★ കുററം ചെയ്യാൻ ഉപയോഗിച്ച ആയുധങ്ങൾ കിട്ടാതിരിക്കുക.

സാധാരണയായി കുററവാളിയെ റിമാന്റ് ചെയ്യാൻ പോലീസ് ഒരു അപേക്ഷ തയ്യാറാക്കും, ഇങ്ങനെയുള്ള അപേക്ഷയിൽ കുററവാളിയെ കൂടുതൽ സമയം തടഞ്ഞുവെക്കാനുള്ള കാരണം അവർ നൽകിയിരിക്കും. പോലീസ് കൊടുത്തിട്ടുള്ള കാരണങ്ങൾ മിക്കവാറും നിരാകരിക്കപ്പെടാൻ സാദ്ധ്യതയുണ്ട്.

## ജാമ്യത്തിനുള്ള അപേക്ഷ

★ കുററവാളിക്ക് ഒരു അഡ്വക്കേററിന്റെ സഹായം കിട്ടുമെങ്കിൽ അയാൾക്ക് ഒരു അപേക്ഷ തയ്യാറാക്കി കുററവാളിയെ ജഡ്ജിയുടെ മുന്നിൽ ഹാജരാക്കാം.



★ കുററവാളിക്ക് ഒരു അഡ്വക്കേററിനെ സമീപിക്കാൻ കഴിഞ്ഞില്ലെങ്കിൽ അയാൾക്ക് ഒരു എഴുതിയ അപേക്ഷ ഉണ്ടാക്കി ജഡ്ജിക്ക് സമർപ്പിക്കാം ഇതിനുവേണ്ടിയുള്ള അപേക്ഷാഫോറം ജയിൽ അധികൃതരിൽ നിന്ന് കിട്ടും അത് എത്രയും പെട്ടെന്ന് പൂർണ്ണമായി പൂരിപ്പിച്ച് ജാമ്യം കിട്ടേണ്ടതിന്റെ ആവശ്യം കാണിക്കുന്ന മതിയായ കാരണങ്ങൾ സഹിതം ജഡ്ജിക്ക് ബോധ്യപ്പെടുന്നവിധം സമർപ്പിക്കുക.

## വിമുക്തമാക്കുന്നതിനുള്ള അപേക്ഷയിൽ താഴെ പറയുന്ന പ്രത്യേക സാഹചര്യങ്ങൾ കാണിച്ചിരിക്കണം

★ പാർപ്പിടത്തിന്റെ സ്ഥിതിയും സ്ഥലവും ജാമ്യം അനുവദിക്കാത്ത സാഹചര്യത്തിൽ കുടിയൊഴിപ്പിക്കൽ ഉണ്ടാകുമോ

★ അയാളുടെ ജോലി നഷ്ടപ്പെടാൻ സാധ്യതയുണ്ടോ.

★ ജാമ്യം നിരസിച്ചാൽ ആശ്രിത കുടുംബത്തെ അത് കൂടുതൽ വിഷമത്തിലാക്കും.

★ കസ്റ്റഡിയിൽ വെയ്ക്കുന്നത് ഗൗരവമായ ആരോഗ്യത്തെയും ചികിത്സയെയും ദോഷമായി ബാധിക്കും.

## മജിസ്ട്രേററ് ജാമ്യം തള്ളുന്നത്

ജാമ്യം തള്ളുകയാണെങ്കിൽ അതിനുള്ള കാരണങ്ങൾ മജിസ്ട്രേററ് രേഖപ്പെടുത്തിയിരിക്കണം. മേൽക്കോടതികളിൽ അപ്പീൽ കൊടുക്കുന്നതിന് ഇങ്ങനെയുള്ള ഒരു രേഖ ആവശ്യമാണ്.

## അപ്പീൽ

മജിസ്ട്രേററ് ജാമ്യാപേക്ഷ തള്ളുകയാണെങ്കിൽ കുററം ചുമത്തപ്പെട്ട വ്യക്തിക്ക് ജില്ലാ കോടതിയിലോ ഹൈക്കോടതിയിലോ അപ്പീൽ കൊടുക്കാം.

ജാമ്യം അനുവദിക്കുന്നതിൽ പോലീസുകാർ ഉയർത്തിയ എതിർപ്പിനോടുള്ള വിസമ്മതം അല്ലെങ്കിൽ കോടതിയിൽ നിന്ന് വന്നിട്ടുള്ള തെററിന്റെ യഥാർത്ഥ്യം ഇവയെല്ലാം ജാമ്യാപേക്ഷയിൽ ഉൾക്കൊള്ളിച്ചിരിക്കണം. ഒരിക്കൽ അപേക്ഷ നിരസിച്ചാൽ വീണ്ടും അയാൾക്ക് അടുത്ത കോടതിയിൽ പ്രവേശിച്ചു നോക്കാം.

## ജാമ്യത്തിനുള്ള നിബന്ധനകൾ

★ മജിസ്ട്രേററ് ജാമ്യം അനുവദിക്കുന്നത്.

★ നിബന്ധനകൾ ഒന്നുമില്ലാതെ

★ പ്രത്യേക നിബന്ധനകൾ അനുസരിച്ച്

★ കരാർ അനുസരിച്ച് ജാമ്യക്കാർ സഹിതമോ അല്ലാതെയോ

പ്രത്യേക നിബന്ധനയിൽ സാധാരണയായി; കുറ്റവാളി ഒരു നിശ്ചിത സമയത്ത് പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യുന്നതിനോ അല്ലെങ്കിൽ അയാളുടെ പാസ്പോർട്ട് സമർപ്പിക്കുന്നതിനോ പറയുന്നു. കാരണമില്ലാതെ നിബന്ധനകൾ മജിസ്ട്രേറ്റ് ചുമത്തിയാൽ അതിനെ കോടതിയിൽ ചോദ്യംചെയ്യാൻ ഒരാൾക്ക് കഴിയും. നിബന്ധനയിൽ മാറ്റം വരുത്താൻ കോടതി വിസമ്മതിക്കുകയാണെങ്കിൽ കുറ്റവാളിക്ക് അത് സ്വീകരിക്കാതിരിക്കാം പക്ഷെ ഈ കാര്യത്തിൽ അയാളുടെ അപ്പീൽ കേട്ട് അയാൾക്കനുകൂലമാണെന്ന് തീരുമാനിക്കുന്നതു വരെ അയാളെ വിമുക്തനാക്കുകയില്ല.

## കരാറും ജാമ്യക്കാരും

★ കുറ്റം ചുമത്തപ്പെട്ട വ്യക്തിയെ അയാളുടെ ഉത്തരവാദിത്തത്തിലായ കരാറിൻമേൽ ജാമ്യക്കാർ സഹിതമോ, ഇല്ലാതെയോ വിമുക്തനാക്കുന്നു.

★ കോടതി നിശ്ചയിക്കുന്ന ദിവസത്തിലും സമയത്തിലും കുറ്റവാളിയെ ഹാജരാക്കാമെന്ന് ഒരു നിശ്ചിത തുക ഉറപ്പു നൽകുന്നവ്യക്തികളാണ് ജാമ്യക്കാർ.

★ ജാമ്യക്കാരായി നിൽക്കുന്നവർ കോടതിയിൽ ഹാജരാവുകയും ആവശ്യപ്പെടുകയാണെങ്കിൽ ഒരു സത്യപ്രസ്താവനയിലൂടെ തങ്ങൾ യഥോചിതം പ്രവർത്തിക്കുവാൻ തയ്യാറാണെന്നും ആവശ്യത്തിന് പണം ഉണ്ടെന്നും ഉറപ്പുവരുത്തണം.

★ അവർക്ക് ആവശ്യത്തിനുള്ള പണം ഉണ്ടെന്നും തങ്ങൾ ഏതു തരത്തിലും ജാമ്യക്കാരാകാൻ യോജിച്ചവരാണെന്നും കാണിക്കുന്ന ഒരു സത്യവാങ്മൂലം കോടതിയിൽ ഹാജരാക്കാം.

★ കാരണങ്ങളൊന്നും കാണിക്കാതെ തന്നെ മജിസ്ട്രേറ്റിന് ജാമ്യക്കാരെ തള്ളാനുള്ള അധികാരമുണ്ട്. ജാമ്യക്കാർ കോടതിയിൽ ഹാജരായില്ലെങ്കിൽ പോലീസുകാർ അവരെ ചോദ്യം ചെയ്ത് തൃപ്തികരമാണെന്ന് കണ്ടെത്തുന്നതു വരെ അറസ്റ്റ് ചെയ്ത വ്യക്തിയെ കസ്റ്റഡിയിൽ വയ്ക്കും.



★ ജാമ്യക്കാർ 18 വയസ്സിന് മുകളിലുള്ളവരും സ്ഥിരമായ ഒരു അഡ്രസുള്ളവരും അവരുടെ എല്ലാക ബാധ്യതകളും തീർത്തുകഴിഞ്ഞ് ജാമ്യത്തുക അടക്കാൻ മതിയായ പണം ഉള്ളവരും ആയിരിക്കണം. ജാമ്യക്കാർ റേഷൻകാർഡ്, നികുതിരശീത്, നിക്ഷേപങ്ങളുടെ സർട്ടിഫിക്കറ്റ്, വരുമാനസർട്ടിഫിക്കറ്റ്, ആദായനികുതി അടച്ച ചെലാൻ തുടങ്ങിയ രേഖകൾ കോടതിയിൽ കൊണ്ടുവരണം.

★ പോലീസിനും, മജിസ്ട്രേറ്റിനും ജാമ്യക്കാരുടെ വ്യക്തിസ്വഭാവം, രാഷ്ട്രീയാഭിപ്രായം, ക്രിമിനൽ രേഖകൾ അല്ലെങ്കിൽ മതം ഇവ കണക്കിലെടുത്ത് അവർ വാടക ജാമ്യക്കാരല്ലെങ്കിൽ തള്ളാൻ യാതൊരധികാരവുമില്ല.

## കുറ്റവിചാരണയ്ക്ക് ശേഷമുള്ള ജാമ്യം

കുറ്റം ചുമത്തപ്പെട്ട വ്യക്തി കുറ്റക്കാരനാണെന്ന് കാണുകയാണെങ്കിൽ മജിസ്ട്രേറ്റ്, അയാളുടെ പൂർവ്വ ചരിത്രം പരിശോധിച്ച് വിധി പ്രഖ്യാപിക്കുന്നു. കുറ്റം ചുമത്തപ്പെട്ട വ്യക്തിക്ക് ഈ വിധിക്കെതിരായി മേൽകോടതിയിൽ അപ്പീൽ കൊടുക്കണമെങ്കിൽ കോടതി വ്യക്തിയെ ജാമ്യത്തിൽ വിട്ടയക്കുവാൻ താഴെ പറയുന്ന കാര്യങ്ങൾ ബാധകമാണ്.

★ 3 വർഷത്തിൽ കൂടാത്ത തടവുശിക്ഷയാണ് വിധിക്കുന്നതെങ്കിൽ അല്ലെങ്കിൽ,

★ കുറ്റവിചാരണ ചെയ്യപ്പെട്ട കുറ്റം ജാമ്യം കിട്ടുന്നതും കുറ്റവാളി ജാമ്യത്തിലുമായിരുന്നെങ്കിൽ,

ഒരാൾക്കു അപ്പീൽ കൊടുക്കുന്നതിനും അപ്പീൽ കോടതിയുടെ ഉത്തരവു കിട്ടുന്നതിനുമുള്ള ഒരു കാലാവധിയായിരിക്കും.

ഒരിക്കൽ ഒരു വ്യക്തി കോടതി വിധിക്കെതിരായി അപ്പീൽ കൊടുത്താൽ അപ്പീൽ കോടതി ആ വിധി തടഞ്ഞു വെയ്ക്കുകയും അയാളെ ജാമ്യക്കാരിലോ അല്ലെങ്കിൽ സ്വന്തം കരാറിൻമേലോ ജാമ്യം നൽകുകയും ചെയ്യുന്നു.

## മുൻകൂർ ജാമ്യം

ഒരു വ്യക്തി ജാമ്യം കിട്ടാത്ത ഒരു കുറ്റത്തിന് താൻ അറസ്റ്റു ചെയ്യപ്പെടുമെന്ന് വിശ്വസിക്കാനുള്ള കാരണങ്ങൾ ഉണ്ടായാൽ അയാൾ ഹൈക്കോടതിയിലോ, ജില്ലാകോടതിയിലോ, അങ്ങനെയുള്ള അറസ്റ്റിൽ തന്നെ ജാമ്യത്തിൽ വിടണമെന്ന് അപേക്ഷിക്കുന്നു.

അങ്ങനെയുള്ള വ്യക്തിയെ വാറണ്ടില്ലാതെ പോലീസ് ഓഫീസർ അറസ്റ്റ് ചെയ്താൽ ജാമ്യം അനുവദിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തിയെങ്കിൽ ആ വ്യക്തിയെ ജാമ്യത്തിൽ വിടുന്നതായിരിക്കും. മജിസ്ട്രേറ്റ് കുറ്റവാളിക്കെതിരെ ഒരു വാറണ്ട് പുറപ്പെടുവിച്ചാൽ അത് ഹൈക്കോടതിയുടെയോ ജില്ലാ കോടതിയുടെയോ നിർദ്ദേശങ്ങൾക്കനുസൃതമായി ജാമ്യമുള്ള വാറണ്ടായിരിക്കും.

ഈ നിയമ വകുപ്പിന്റെ ആവശ്യം ഒരു വ്യക്തിയെ അയാളുടെ എതിരാളികൾ കള്ളക്കേസിൽ പെടുത്തി കുറച്ചു ദിവസം ജാമ്യം അപേക്ഷിക്കാൻ കഴിയുന്നതിന് മുമ്പ് ജയിലിൽ അടച്ചു വെയ്ക്കുന്നതിൽ ഉണ്ടാകാവുന്ന അപമാനത്തിന് ആശ്വാസം കൊടുക്കുകയാണ്.

## ജാമ്യം സുപ്രീം കോടതിയുടെ ഏറ്റവും പുതിയ നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും

★ നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന ജാമ്യവ്യവസ്ഥ പാവപ്പെട്ടവരെ അടിച്ചമർത്തുന്നതിനും അവരുടെ ദാരിദ്ര്യംകാരണം ജാമ്യത്തിനു വേണ്ടതെല്ലാം പൂർത്തീകരിക്കാൻ പറ്റില്ല. എന്നതിനാലും വിവേചനപരമാണ്. പണക്കാർക്കുള്ള പലതരത്തിലുള്ള കഴിവുകൾ മറന്നുകൊണ്ട് പാവപ്പെട്ടവനോട് ജാമ്യത്തിനുള്ള ഉപാധികളെല്ലാം ചെയ്യാൻ നിർബന്ധിക്കുകയും പണക്കാരോടും പാവപ്പെട്ടവനോടും ഒരുപോലെ പെരുമാറുന്നതിലൂടെ അവർ തമ്മിലുള്ള അസമത്വം ഉണ്ടാക്കുന്നു

★ ജാമ്യവ്യവസ്ഥ പൂർണ്ണമായും ഭേദഗതി ചെയ്യുന്നതുകൊണ്ട് പാവപ്പെട്ടവർക്കും പണക്കാരെപ്പോലെ തന്നെ എളുപ്പത്തിൽ നീതിക്ക് തെറ്റും കൂടാതെ കുറ്റവിചാരണക്ക് മുമ്പ് ജാമ്യം ലഭിക്കുവാൻ സാധിക്കും.

★ പ്രതിക്ക് സമൂഹത്തിൽ ബന്ധങ്ങളുണ്ടായിരിക്കുകയും ഒളിച്ചുപോകുകയില്ലെന്ന ഉറപ്പും ഉണ്ടെങ്കിൽ ജാമ്യക്കാരുടെ ബോണ്ടോടുകൂടിയ ജാമ്യം നൽകാവൂ എന്ന പഴക്കം ചെന്ന വ്യവസ്ഥ കോടതിയും പോലീസും ഒഴിവാക്കുകയും കരാർ ലംഘിച്ചാൽ പിഴ ഈടാക്കുവാനുള്ള നിബന്ധനയോടുകൂടി സ്വന്തം ജാമ്യത്തിൽ സ്വതന്ത്രനാക്കുകയും വേണം.

★ കുറ്റവാളിയെ സ്വന്തം കരാറിന്മേൽ വിമുക്തനാക്കുന്നതിന് വേണ്ടി കോടതി നിയമിക്കുന്ന കരാർ തുക ചാർജ്ജ് ചെയ്ത കേസിനെ അടിസ്ഥാനപ്പെടുത്തിയല്ല മറിച്ച് കുറ്റവാളിയുടെ സാമ്പത്തിക നിലയും ഒളിച്ചോടാനുള്ള സാദ്ധ്യത



യും കണക്കിലെടുത്തായിരിക്കണം.

★ കുറ്റവാളിയെ അയാളുടെ സ്വന്തം ജാമ്യത്തിന്മേൽ വിമുക്തനാക്കിയാൽ പോലീസിനോ, കോടതിക്കോ കരാർ പ്രകാരം തുക അടക്കാനുള്ള കഴിവിനെ ചോദ്യം ചെയ്യാൻ പാടില്ല.

## ഒന്ന്: പോലീസിന്റെ ചുമതലകൾ

1. അറസ്റ്റിന് ആസ്പദമായ കാരണങ്ങൾ എന്താണെന്ന് പ്രതിയെ ധരിപ്പിക്കണം.
2. പ്രതി രക്ഷപെടാതിരിയ്ക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കാം. അവ ഒന്നും പക്ഷെ, പ്രതിയുടെ ജീവന് ഹാനികരമാകരുത്.
3. അറസ്റ്റ് കഴിഞ്ഞയുടനെ പ്രതിയെ സ്റ്റേഷനിൽ എത്തിക്കേണ്ടതാണ്.
4. ലോക്കപ്പിൽ ഇടുന്നതിനു മുമ്പായി അത്യാവശ്യമായ വസ്ത്രമൊഴിച്ചുള്ളതെല്ലാം അഴിച്ചുമാറ്റണം
5. സ്ത്രീകളെ അറസ്റ്റിനുശേഷം ദേഹപരിശോധന നടത്തുന്നത് വനിതാ പോലീസോ, സ്ത്രീ വാർഡൻമാരോ ആയിരിക്കണം.
6. അറസ്റ്റിലായവരുടെ ശരീരത്തിൽ നിന്ന് താലി, പൂണൂൽ, വിവാഹ മോതിരം തുടങ്ങിയ പവിത്ര വസ്തുക്കൾ നീക്കം ചെയ്യരുത്.
7. ഹോട്ടലിൽ നിന്ന് ഭക്ഷണം വാങ്ങി കഴിക്കുവാൻ അറസ്റ്റിലായവരെ അനുവദിക്കരുത്.
8. രാത്രി കാലങ്ങളിൽ പ്രതികളെ പുറത്തു കൊണ്ടുപോകരുത്. പ്രത്യേക കാരണങ്ങളാൽ അപ്രകാരം ചെയ്യേണ്ടിവന്നാൽ സ്റ്റേഷനിലെ ജനറൽ ഡയറിയിൽ അത് രേഖപ്പെടുത്തിയിരിക്കണം.
9. പ്രതിയെ റിമാണ്ടിൽ വെയ്ക്കുന്നതിന് മുമ്പായി അയാൾ ആവശ്യപ്പെടുന്ന വക്കീലിനെയോ, ബന്ധുക്കളെയോ കാണുന്നതിനും ഉപദേശം തേടുന്നതിനും അവസരം അനുവദിക്കണം.
10. പ്രതിയെ കൂടാതെ പിടിച്ചെടുത്ത സാധനങ്ങളുടെ വിശദവും വ്യക്തവുമായ പട്ടിക തയ്യാറാക്കി അത് കോടതിയിൽ ഹാജരാക്കണം.

11 സാരി, മുണ്ട് അതുപോലെ ആത്മഹത്യയ്ക്കുതകുന്ന സാധനങ്ങളെല്ലാം പ്രതിയിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

12 പ്രതിക്ക് പരിക്ക് ഏൽക്കാനിടയായാൽ അവയുടെ സംക്ഷിപ്ത വിവരം രേഖപ്പെടുത്തിയശേഷം മാത്രമേ പ്രതിയെ മജിസ്ട്രേററ് മുമ്പാകെ ഹാജരാക്കാവൂ.

13 രാത്രികാലങ്ങളിൽ സ്ത്രീകളെ അറസ്ററ് ചെയ്യരുത്. അറസ്ററ് ചെയ്താലുടനെ മജിസ്ട്രേററ് മുമ്പാകെ ഹാജരാക്കുക. ലോക്കപ്പിൽ വെയ്ക്കാതിരിക്കുക. സ്ത്രീകളെ ലോക്കപ്പിൽ സൂക്ഷിക്കേണ്ട സാഹചര്യമുണ്ടായാൽ, അവരുടെ സംരക്ഷണത്തിന് വനിതാപോലീസോ, സ്ത്രീ വാർഡൻമാരോ ഉണ്ടായിരിക്കണം.

14 അറസ്റ്റിലാകുന്ന ജനപ്രതിനിധി (MLA/MP) യെപ്പററി ബന്ധപ്പെട്ട സ്പീക്കറെ ടെലിഗ്രാം വഴി വിവരമറിയിക്കണം. പ്രതി സർക്കാർ ഉദ്യോഗസ്ഥനാണെങ്കിൽ അയാളുടെ മേലുദ്യോഗസ്ഥനെയും അറിയിക്കണം.

15 ആവശ്യമെങ്കിൽ പ്രതിയുടെ കൈകാൽ വിരലടയാളങ്ങൾ എടുക്കണം.

16 ആവശ്യമെങ്കിൽ പ്രതിയെ തിരിച്ചറിയൽ (Identification Parade) പരേഡിന് വിധേയമാക്കണം.

17 അറസ്റ്റ് ചെയ്ത സമയം മുതൽ 24 മണിക്കൂറിനുള്ളിൽ റിമാൻഡ് റിപ്പോർട്ടോടുകൂടി പ്രതിയെ മജിസ്ട്രേററിന്റെ മുമ്പാകെ ഹാജരാക്കണം.

18 ജാമ്യം അനുവദിക്കാവുന്ന കുററത്തിനാണ് പ്രതിയെ അറസ്ററ് ചെയ്തതെങ്കിൽ പോലീസ് തന്നെ പ്രതിക്ക് ജാമ്യം അനുവദിക്കണം.

## രണ്ട്: വ്യക്തിയുടെ അവകാശങ്ങൾ

1. അറസ്റ്റ് ചെയ്യാൻ വരുന്ന ഉദ്യോഗസ്ഥന് അറസ്റ്റ് ചെയ്യാനുള്ള അധികാരമില്ലെന്ന് തോന്നുകയും പ്രസ്തുത ഉദ്യോഗസ്ഥൻ തന്റെ അധികാരം പ്രതിക്ക് വെളിപ്പെടുത്താതിരിക്കുകയും ചെയ്യുന്നെങ്കിൽ അത്തരം അറസ്റ്റിനെ പ്രതിരോധിക്കുവാൻ വ്യക്തിക്ക് അവകാശമുണ്ട് [AIR1924 Mad555].

2. അന്യായമായ അറസ്റ്റിനെ എതിർക്കുന്നത് കുററമല്ല. (AIR 1930 Lae 340)



3. വാറണ്ട് കൂടാതെ അറസ്റ്റിലാകുന്നയാൾക്ക് അറസ്ററിനാധാരമായ കുററമെന്തെന്നറിയാനും പ്രസ്തുതകുററം ജാമ്യം അനുവദിക്കപ്പെടുന്നതാണോയെന്നും അറിയുവാനവകാശമുണ്ട്. (S/50Cr PC)

4. താൻ കുററം ചെയ്തിട്ടില്ല എന്ന് തെളിയിക്കാൻ എല്ലാവർക്കും അവകാശമുണ്ട്.

4A ആവശ്യമെങ്കിൽ അംഗീകൃത ഡോക്ടറുടെ സേവനം മജിസ്ട്രേററിനോട് ആവശ്യപ്പെടാനുള്ള അവകാശവും അറസ്റ്റിലായവർക്കുണ്ട്.

5 മേൽപ്പറഞ്ഞ വിധമുള്ള വൈദ്യപരിശോധന ജാമ്യത്തിലിറങ്ങിയവർക്കും ആവശ്യപ്പെടാം.(S/53, 54Cr P.C)

6. അറസ്ററ് ചെയ്യപ്പെടുന്നയാളെ 24മണിക്കൂറിനുള്ളിൽ മജിസ്ട്രേററിന് മുമ്പാകെ ഹാജരാക്കപ്പെടണം. യാത്രയ്ക്കുവേണ്ടി വരുന്ന സമയമൊഴിവാക്കാം [S/54Cr P. C]

7. അറസ്ററ് ചെയ്യപ്പെടുന്നയാൾക്ക് സ്വന്തം ഇംഗിതമനുസരിച്ചുള്ള വക്കീലിന്റെ സഹായം തേടാൻ അവകാശമുണ്ട്.

8. അറസ്ററ് ചെയ്യപ്പെടുന്നയാൾ നിർധനനാണെങ്കിൽ സൗജന്യ നിയമ സഹായത്തിന് അർഹതയുണ്ടാകും.

9. അന്യായമായി അറസ്ററ് ചെയ്യപ്പെടുന്നവർക്ക് നഷ്ടപരിഹാരത്തിന് അവകാശമുണ്ട്.[S/358 Cr P.C]

10. വാറണ്ട് മൂലമുള്ള അറസ്ററാണെങ്കിൽ വാറണ്ടിലെ ഉള്ളടക്കം അറിയാനും വാറണ്ട് കണ്ട് തൃപ്തിപ്പെടാനും വ്യക്തിക്ക് അവകാശമുണ്ട് (ILR 26 Cal748)

സുപ്രീം കോടതി നിർദ്ദേശം

## അറസ്റ്റു ചെയ്തത് വിവരം ബന്ധുക്കളെ അറിയിക്കണം

ആരെയെങ്കിലും അറസ്റ്റ് ചെയ്യുകയോ ചോദ്യം ചെയ്യുകയോ ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർ തങ്ങളാരാണെന്നു ബോധ്യമാകുന്നവിധം പേരും പദവിയും പ്രദർശിപ്പിച്ചിരിക്കണം.

അറസ്റ്റ് ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥൻ അറസ്റ്റ് സമയത്ത് ഒരു മെമ്മോ തയ്യാറാക്കുകയും അത് അറസ്റ്റ് ചെയ്യപ്പെടുന്നയാളുടെ സുഹൃത്തിനെയോ ബന്ധുവിനെയോ ആ പ്രദേശത്തെ ഒരു മാന്യനായ വ്യക്തിയെയോ കൊണ്ട് ഒപ്പു വയ്പ്പിക്കുകയും വേണം. അറസ്റ്റ് വരിക്കുന്നയാളുടെ ഒപ്പും വാങ്ങി സമയവും തിയതിയും കൂടി രേഖപ്പെടുത്തണം.

അറസ്റ്റ് ചെയ്യപ്പെടുന്നയാളുടെ അഭ്യുദയകാംക്ഷിയെയോ സുഹൃത്തിനെയോ ബന്ധുവിനെയോ എത്രയും പെട്ടന്ന് അറസ്റ്റ് വിവരം അറിയിച്ചിരിക്കണം.

സുഹൃത്തോ ബന്ധുവോ ജില്ലയ്ക്ക് പുറത്തോ നഗരത്തിന് വെളിയിലോ ആണെങ്കിൽ ആ ജില്ലയിലെ നിയമ സഹായ സംഘടനയെയോ അവിടുത്തെ പോലീസ് സ്റ്റേഷനിലോ ടെലിഫോൺ വഴിയെങ്കിലും ബന്ധപ്പെടണം. അറസ്റ്റ് ചെയ്ത് എട്ടുമുതൽ 12 മണിക്കൂറിനുള്ളിൽ അറിയിച്ചിരിക്കണംതാനും.

ഇത്തരം അവകാശങ്ങളെക്കുറിച്ച് അറസ്റ്റ് വരിച്ചയാളെ ബോധ്യപ്പെടുത്തിയിരിക്കണം.

അറസ്റ്റിലായ വ്യക്തിവിവരം അറിയിച്ച സുഹൃത്ത് അഥവാ ബന്ധു അറസ്റ്റ് ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥൻ എന്നിവരുടെ പേരും വിവരങ്ങളും ഡയറിയിൽ രേഖപ്പെടുത്തി അറസ്റ്റ് വരിച്ചയാൾ ഉള്ളിടത്ത് സൂക്ഷിക്കണം.

അറസ്റ്റ് ചെയ്യപ്പെടുന്നയാൾ ആവശ്യപ്പെടുന്നപക്ഷം അറസ്റ്റ് നടക്കുമ്പോൾ അയാളെ ശാരീരിക പരിശോധനയ്ക്ക് വിധേയമാക്കി ചെറുതുംവലുതുമായ ഏതെങ്കിലും മുറിവുകൾ ഉണ്ടെങ്കിൽ രേഖപ്പെടുത്തണം. ഈ പരിശോധനാ മെമ്മോയിൽ ഉദ്യോഗസ്ഥനും പ്രതിയും ഒപ്പിട്ടശേഷം അതിന്റെ ഒരു പകർപ്പ് പ്രതിക്ക് നൽകിയിരിക്കണം.

കസ്റ്റഡിയിലുള്ള വ്യക്തിയെ ഓരോ നാൽപ്പത്തിയെട്ടു മണിക്കൂറിലും ആ സംസ്ഥാനത്തിന്റെയോ കേന്ദ്ര ഭരണ പ്രദേശത്തിന്റെയോ ആരോഗ്യവകുപ്പ് മേധാവി അംഗീകരിച്ച ഡോക്ടർമാരിൽപ്പെടുന്ന പരിചയ സമ്പന്നനായ ഡോക്ടറുടെ പരിശോധനയ്ക്കു വിധേയനാക്കിയിരിക്കണം.

അറസ്റ്റ് സമയത്ത് തയ്യാറാക്കിയ മെമ്മോയും മറ്റ് എല്ലാ രേഖകളും മജിസ്ട്രേറ്റ് അയച്ചുകൊടുക്കണം.

ചോദ്യം ചെയ്യലിനിടെ കുറെ നേരമെങ്കിലും പ്രതിക്ക് ഇയാളുടെ അഭിഭാഷകനെ കാണുന്നതിന് അവസരം നൽകണം.

എല്ലാ ജില്ലാ കേന്ദ്രങ്ങളിലും സംസ്ഥാന കേന്ദ്രത്തിലും പോലീസ് കൺട്രോൾറൂം ഉണ്ടാകണം. അറസ്റ്റ് വിവരങ്ങളും അറസ്റ്റ് ചെയ്തയാളെ സൂക്ഷിക്കുന്ന സ്ഥലവും അറസ്റ്റ് ചെയ്യുന്ന ഉദ്യോഗസ്ഥൻ 12 മണിക്കൂറിനുള്ളിൽ കൺട്രോൾ റൂമിൽ ശ്രദ്ധിക്കപ്പെടുന്ന തരത്തിൽ പ്രദർശിപ്പിച്ചിരിക്കണം.

മേൽപ്പറഞ്ഞ കാര്യങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥൻ വകുപ്പുതല നടപടികൾക്ക് പുറമേ കോടതിയലക്ഷ്യത്തിന് ശിക്ഷിക്കപ്പെടുവാൻ അർഹനാണ്. രാജ്യത്തിന്റെ ഏതു ഹൈക്കോടതിയുടെ അധികാരപരിധിയിലാണോ സംഭവം ഉണ്ടാകുന്നത് ആ ഹൈക്കോടതി കോടതിയലക്ഷ്യത്തിന് നടപടി സ്വീകരിക്കും.

## മനുഷ്യാവകാശ ജാഗ്രതാ കേന്ദ്രങ്ങൾ

1. എല്ലാവീട്ടിലുംഒരു ഭരണഘടന.
2. മുലപ്പാലിന്റെ മഹത്വത്തെക്കുറിച്ച് അറിവ് നൽകുക.
3. സിവിൽ-ക്രിമിനൽ നിയമങ്ങൾ
4. പൊതുതാൽപ്പര്യവ്യവഹാരം
5. അറസ്റ്റ് ചെയ്യപ്പെടുന്നവരുടെ അവകാശങ്ങൾ
6. ഉപഭോക്തൃ സംരക്ഷണ നിയമം
7. പരാതികൾ ശരിയായി പരിഹരിക്കുന്ന പ്രവർത്തനങ്ങൾ
8. മനുഷ്യാവകാശം സംരക്ഷിക്കുവാൻ കൂട്ടായ പ്രവർത്തനം.
9. നിയമ വിദ്യാഭ്യാസം

ഈ പ്രവർത്തനങ്ങൾ നിങ്ങളുടെ നാട്ടിൽ അഞ്ചോ പത്തോ വീടുകളിൽ യോജിച്ച് നടത്തുവാൻ നിങ്ങൾക്ക് സാധിക്കുമോ? നിങ്ങളുടെ നാട്ടിലും ഒരു മനുഷ്യാവകാശ ജാഗ്രതാകേന്ദ്രം പ്രവർത്തനം ആരംഭിക്കാം. കക്ഷിയോ ജാതിയോ, രാഷ്ട്രീയമോ മതമോ ഇല്ലാതെ കൂട്ടായി നമ്മുടെ നന്മക്ക് നമുക്ക് ഒരുമിച്ച് അണിചേരാം

താൽപര്യമുള്ള സ്ത്രീ പുരുഷന്മാർ, യുവതീയുവാക്കൾ എഴുതുമല്ലോ

പ്രസിഡണ്ട്,
നോസർ - ഇന്ത്യ പായം 670704

## കൺസ്യൂമർ ന്യൂസ് പ്രസിദ്ധീകരണങ്ങൾ

1. ഉപഭോക്തൃസംരക്ഷണ നിയമം സാധാരണക്കാരന്റെ നിയമം വില 2 രൂപ
2. വനിതകളും ഉപഭോക്തൃ സംരക്ഷണനിയമവും വില 2 രൂപ
3. ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ പരാതി സമർപ്പിക്കുന്നതെങ്ങനെ വില 5 രൂപ
4. പോലീസും ജനങ്ങളും വില [illegible] രൂപ
5. അളവുകളും തൂക്കങ്ങളും ഒരു വിശദീകരണം വില 2 രൂപ
6. മായം ചേർക്കൽ കണ്ടുപിടിക്കുന്നതെങ്ങനെ? വില 2 രൂപ
7. തിരഞ്ഞെടുത്ത തർക്കപരിഹാര ഫോറം വിധികൾ വില 5 രൂപ
8. ബാങ്കും ഉപഭോക്താവും വില 5 രൂപ
9. ഉപഭോക്തൃ സംരക്ഷണ നിയമം 1986, 1993 ലെ ഭേദഗതികൾ ഉൾപ്പെടെ വില 8 രൂപ
10. എന്തിനെല്ലാം പരാതി സമർപ്പിക്കാം? വില 4 [illegible]
11. ഉപഭോക്താക്കൾ അറിയേണ്ടും കാര്യങ്ങൾ വില 2 രൂപ
12. ഉപഭോക്തൃ സംരക്ഷണ സമിതികളുടെ രൂപീകരണവും പ്രസക്തിയും വില 2 രൂപ
13. ഗാന്ധിയൻ ആദർശങ്ങളും ഉപഭോക്തൃ സംരക്ഷണ നിയമവും വില 2 രൂപ
14. ഹായ് ഐസ്ക്രീം (നിയമം കുട്ടികൾക്ക്) വില 3 രൂപ
15. അവകാശങ്ങളെക്കുറിച്ച് നിങ്ങൾക്ക് എന്തറിയാം? വില 5 രൂപ
16. ചാരിറ്റിയും ഉപഭോക്താവും വില 2 രൂപ
17. കർഷകരും ഉപഭോക്തൃ സംരക്ഷണ നിയമവും വില 3 രൂപ
18. വൈദ്യുതിയും ഉപഭോക്താവും വില 5 രൂപ
19. കെട്ടിടനിർമ്മാണവും ഉപഭോക്തൃസംരക്ഷണ നിയമവും വില 5 രൂപ
20. ഉണരൂ! സമയമായി വില 1 രൂപ
21. ഗ്രാമ നഗരം [illegible] വില 1 രൂപ
22. [illegible] (നിയമം കുട്ടികൾക്ക്) വില 7 രൂപ
23. അറസ്റ്റ്-നിങ്ങളുടെ അവകാശങ്ങൾ വില 5 രൂപ
24. എയ്ഡ്സ് വില 5 രൂപ
25. പഞ്ചായത്തിരാജും ഉപഭോക്താവും വില 5 രൂപ
26. ഇന്ത്യൻ ഭരണഘടന (സാധാരണ ജനങ്ങൾക്ക്) വില 100 രൂപ
27. ടെലിഫോണും ഉപഭോക്തൃ സംരക്ഷണനിയമവും വില 20 രൂപ
28. സ്ത്രീകളും ഇന്ത്യൻ ഭരണഘടനയും വില 5 രൂപ
29. പൊതു താല്പര്യ വ്യവഹാരം വില 15 രൂപ
30. സമ്മാനം [ഉപഭോക്തൃസംരക്ഷണ പ്രവർത്തകർക്കുള്ള ഗൈഡ്] 60 രൂപ
31. വിവാഹിതരാകുന്നവർക്ക് ഒരു ഗൈഡ് വില 10 രൂപ
32. ഗൃഹോപകരണങ്ങൾ-നിങ്ങൾ എന്തു ചെയ്യണം? വില 2 രൂപ
33. ഡിസംബർ 26 വില 5 രൂപ
34. ബാല്യവിവാഹം വില 5 രൂപ
35. തോട്ടം തൊഴിലാളികളും ഉപഭോക്തൃസംരക്ഷണനിയമവും വില 5 രൂപ
36. അപകടം വില 5 രൂപ
37. ഭീകരൻ വില 3 രൂപ
38. ഭരണം വില 3 രൂപ

പണം മണിഓർഡറായി മുൻകൂർ അയക്കുക.

കോപ്പികൾക്ക്:

കൺസ്യൂമർ ന്യൂസ്, മാടത്തിൽ, PB.No 1 എടൂർ, പായം 670704

Digitized by: Thomas John Palekkudy